**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **21-06-2024 - ൽ മറുപടിയ്ക്ക്**

**വിരമിക്കൽ മൂലം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ വിരമിക്കൽ മുൻകൂട്ടി മനസ്സിലാക്കി ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്നതിനായി നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | സർക്കാർ വകുപ്പുകളിലും/സ്ഥാപനങ്ങളിലും ഓരോ തസ്തികകളിലും തൊട്ടടുത്ത കലണ്ടർ വർഷം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പി എസ് സി യ്ക്ക് റിപ്പോർട്ടു ചെയ്യണമെന്ന് എല്ലാ വർഷവും വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിവരുന്നുണ്ട്. 2024 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ 26-10-2023 -ലെ ഉപ.സി3/150/2023/ പി&എ.ആർ.ഡി നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | 31.05.2024 തീയതിയിൽ സംസ്ഥാനത്ത് ആകെ വിരമിച്ച സർക്കാർ ജീവനക്കാർ എത്ര പേരാണ്; ഇവരുടെ വിരമിക്കൽ വഴി എത്ര തസ്തികകൾ ഉണ്ടായിട്ടുണ്ടെന്നും അവയിലേയ്ക്ക് സ്ഥിരനിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചോയെന്നും കണക്കുകൾ സഹിതം വിശദമാക്കുമോ; | (ബി) | 2024 മെയ് മാസം സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചവരുടെ കൃത്യമായ എണ്ണം സമാഹരിച്ചിട്ടില്ല. പ്രസ്തുത തീയതിയിൽ വിരമിച്ചവരുടെ എൻടി കേഡർ തസ്തികകളിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. അപ്രകാരമുള്ള ഒഴിവുകളിൽ നിയമന ശിപാർശകൾ നൽകുന്നതിന് പി എസ് സി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം സ്ഥിരനിയമനങ്ങൾക്ക് പകരം താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ നിയമനാധികാരികൾക്കും നിലവിൽ നിർദ്ദേശമുണ്ട്. ലഭ്യമായ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പി.എസ്.സി ലിസ്റ്റ് നിലനിൽക്കെ മറ്റു തരത്തിലുള്ള നിയമനങ്ങൾ പാടില്ലെന്ന നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ